File Ref.No.4466/GA-II-F3/2025/Admn

# UNIVERSITY OF CALICUT


**Abstract**

കാലിക്കറ്റ് യൂണിവേഴ്സിറ്റി - ജനറൽ & അക്കാദമിക വിഭാഗം - സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ അധ്യാപകർക്ക് അവരുടെ അക്കാദമിക ഉത്തരവാദിത്തങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ, സ്റ്റാർട്ടപ്പുകളുടെ സ്ഥാപനം ഉൾപ്പെടെയുള്ള സംരംഭക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അനുമതി - നിരാക്ഷേപപത്രം നൽകൽ - 20.03.2025 തിയ്യതിയിലെ സിൻഡിക്കേറ്റിന്റെ ഇനം നമ്പർ 2025.348* തീരുമാനം നടപ്പിലാക്കി ഉത്തരവ് ഇറക്കുന്നു.


---

**General and Academic II - 'F' Section**

U.O.No. 5731/2025/Admn — Dated, Calicut University.P.O, 08.04.2025

---

*Read:*-(1) സിൻഡിക്കേറ്റ് അംഗം പ്രൊഫ. (ഡോ.) റഷീദ് അഹമ്മദ്.പി, സർവകലാശാല വൈസ്-ചാൻസലർക്ക് സമർപ്പിച്ച അപേക്ഷ.

(2) 20.03.2025 തിയ്യതിയിലെ സിൻഡിക്കേറ്റ് മീറ്റിങ് മിനുട് സ് ഇനം നം.2025.348*.

(3) ബഹു. വൈസ് ചാൻസലറുടെ 02.04.2025 തിയ്യതിയിലെ ഇതേ ഫയലിലെ ഉത്തരവ്.

## ORDER

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ഫാക്കൽറ്റി അംഗങ്ങൾക്ക് അവരുടെ അക്കാദമിക ഉത്തരവാദിത്തങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ, സ്റ്റാർട്ടപ്പുകളുടെ സ്ഥാപനം ഉൾപ്പെടെയുള്ള സംരംഭക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അനുമതി നൽകുന്നത് പരിഗണിക്കുന്നതിനായി സൂചന (1) പ്രകാരം സിൻഡിക്കേറ്റ് അംഗം പ്രൊഫ. (ഡോ.)റഷീദ് അഹമ്മദ് പി., സർവകലാശാല വൈസ്-ചാൻസലർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയത് സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിക്കുകയും, 20.03.2025 തിയ്യതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം സൂചന (2) പ്രകാരം, സ്റ്റാർട്ടപ്പുകളുടെ സ്ഥാപനം ഉൾപ്പെടെയുള്ള സംരംഭക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അധ്യാപകർക്ക് നിരാക്ഷേപപത്രം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

ബഹു. വൈസ് ചാൻസലർ സൂചന (3) പ്രകാരം സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കാൻ ഉത്തരവ് നല്കി. ആയതിനാൽ, 20.03.2025 തിയ്യതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ അടിയന്തിര ഇനം നമ്പർ 2025.348* പ്രകാരം, എയ്ഡഡ് കോളേജുകളിലെ അധ്യാപകർക്ക് അവരുടെ അക്കാദമിക ഉത്തരവാദിത്തങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ സ്റ്റാർട്ടപ്പുകളുടെ സ്ഥാപനം ഉൾപ്പെടെയുള്ള സംരംഭക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ നിരാക്ഷേപപത്രം നൽകാനുള്ള തീരുമാനം നടപ്പിലാക്കി ഉത്തരവിറക്കുന്നു.

Rijimole K. S.

Assistant Registrar

To

എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും.

പകർപ്പ്:

PS to VC/PA to Registrar/JD KSAD/SF.

Forwarded / By Order

Section Officer